# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

**പതിമൂന്നാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം
2014 ജൂലൈ 10, വ്യാഴം
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ 260)

| മറുപടി നൽകുന്ന മന്ത്രിമാർ | | ചോദ്യനമ്പർ |
|---|---|---|
| ആരോഗ്യവും കുടുംബക്ഷേമയും ദേവസ്വവും വകുപ്പുമന്ത്രി | : | 6706 മുതൽ 6824 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | : | 6825 മുതൽ 6873 വരെ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | : | 6874 മുതൽ 6911 വരെ |
| പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി | : | 6912 മുതൽ 6965 വരെ |

<u>എൻ. ആർ. എച്ച്. എം. ആരോഗ്യകേന്ദ്രങ്ങൾ</u>

6706 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ. ആർ. എച്ച്. എം. മുഖേന സംസ്ഥാനത്ത് ഹോമിയോ, അലോപ്പതി, ആയുർവേദ ആരോഗ്യകേന്ദ്രങ്ങൾ എത്രവീതം ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങൾക്ക് എത്രവർഷം വരെ (എൻ. ആർ. എച്ച്. എം) ഫണ്ട് ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) എൻ. ആർ. എച്ച്. എം ഫണ്ട് ലഭ്യമല്ലാതാകുന്നത് മുതൽ പ്രസ്തുത ആരോഗ്യകേന്ദ്രങ്ങൾ നിലനിർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

ആശുപത്രികൾക്ക് KASH അംഗീകാരം ലഭിക്കാൻ നടപടി

6707 ശ്രീ. പി.എ. മാധവൻ
,, എ.റ്റി. ജോർജ്
,, എം.പി. വിൻസെന്റ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശുപത്രികൾക്ക് കാഷ് (KASH) അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എത്ര ആശുപത്രികൾക്കാണ് പ്രസ്തുത അംഗീകാരം ലഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) എന്തെല്ലാം നേട്ടങ്ങളാണ് പ്രസ്തുത അംഗീകാരം മുഖാന്തിരം ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) അംഗീകാരം ലഭിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>പി.എച്ച്.സി മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി</u>

6708 ശ്രീ. മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, സി.എഫ്. തോമസ്
,, റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എച്ച്.സി മുതൽ മെഡിക്കൽ കോളേജ് ആശുപത്രി വരെ ജീവനക്കാർ കൃത്യമായി ജോലിയിൽ ഹാജരാകുന്നത് നിരീക്ഷിക്കുവാനും ആവശ്യമായ ഔഷധങ്ങൾ ആശുപത്രികളിൽ ഉണ്ടെന്ന് ഉറപ്പു വരുത്തുവാനും മരുന്നിന്റെ വിതരണത്തിലെ പാളിച്ചകൾ പരിഹരിക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ :

(ബി) ക്രമാതീതമായി വർദ്ധിച്ച് വരുന്ന ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിനും വ്യക്തിശുചിത്വവും പരിസര ശുചിത്വവും പാലിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും ആറ് മാസത്തിൽ ഒരിക്കൽ ഗവൺമെന്റ് ആശുപത്രിയോട് ചേർന്നുള്ള സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ബോധവൽക്കരണ സെമിനാറുകളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുമോയെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>പന്ത്രണ്ടാം പദ്ധതിയിൽ ആരോഗ്യമേഖലയ്ക്കായി അനുവദിച്ച തുക</u>

6709 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പദ്ധതിയുടെ ആദ്യവർഷം ആരോഗ്യമേഖലക്കായി നീക്കിവച്ച തുക എത്രയാണെന്നും അതിന്റെ വകുപ്പു തിരിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) നീക്കിവച്ച തുകയിൽ വിനിയോഗിച്ചത് എത്രയാണെന്നും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(സി) പന്ത്രണ്ടാം പദ്ധതിയുടെ രണ്ടാം വർഷം ഈ മേഖലയിൽ നീക്കിവച്ച തുകയുടെയും അനുവദിച്ച തുകയുടെയും അതിൽ വിനിയോഗിച്ച തുകയുടെയും വിശദാംശങ്ങൾ വകുപ്പ് തിരിച്ച് പറയാമോ;

(ഡി) ഈ കാലത്ത് ഏതെങ്കിലും പദ്ധതികളിൽ കുറവു വരുത്തുകയോ നീക്കിവച്ച സംഖ്യയുടെ വിനിയോഗം ഒഴിവാക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) ഏതെങ്കിലും പദ്ധതിക്കു വേണ്ടി അനുവദിച്ച തുകയേക്കാൾ കൂടുതൽ ചെലവഴിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>ഏകീകൃത പൊതുജനാരോഗ്യ നിയമം</u>

6710 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏകീകൃതപൊതുജനാരോഗ്യ നിയമം നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>വയോജന ആരോഗ്യ പരിപാലന ക്ലിനിക്കുകൾ</u>

6711 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
'' പി. സി. ജോർജ്
'' എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജനങ്ങളുടെ ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം കാണുന്നതിനും ഉതകുന്ന ഏതെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലാ ആശുപത്രികൾതോറും വയോജന ആരോഗ്യപരിപാലന ക്ലിനിക്കുകൾ ആരംഭിയ്ക്കാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ;

(സി) ആരോഗ്യ-സാമൂഹ്യക്ഷേമ വകുപ്പുകൾ കൈകോർത്തുകൊണ്ട് ജില്ലാ ആശുപത്രിക്ക് കീഴിൽ വയോജനങ്ങൾക്ക് അവർക്ക് ഇഷ്ടമുള്ള രീതിയിൽ ചികിത്സ നേടാൻ ഉതകുന്ന തരത്തിൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

<u>മാനസികാരോഗ്യനയം</u>

6712 ശ്രീ. എം. എ. വാഹീദ്
'' ഹൈബി ഈഡന്‍
'' പി. എ. മാധവന്‍
'' ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് മാനസിക ആരോഗ്യനയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(സി) പ്രസ്തുത നയത്തിന്റെ പ്രധാന വിശദാംശങ്ങള്‍ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത നയം എന്ന് പ്രസിദ്ധീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള സേവനങ്ങൾ</u>

6713 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി പി. എച്ച്. സി. കളിലും സി. എച്ച്. സികളിലും എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത്; വിശദമാക്കുമോ;

(ബി) ഈ സേവനപ്രകാരം ഏതെല്ലാം രോഗങ്ങൾക്കാണ് സൗജന്യ മരുന്നുകൾ വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>ദുരന്തനിവാരണ സേന രൂപീകരണം</u>

6714 ശ്രീ. ആർ. സെൽവരാജ്
,, വി. റ്റി. ബൽറാം
,, പാലോട് രവി
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ദുരന്ത നിവാരണ സേന രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സേനയിലെ അംഗങ്ങൾ ആരൊക്കെയാണെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>കൊച്ചിയിൽ അന്താരാഷ്ട്ര നിലവാരമുള്ള കാൻസർ ചികിത്സാ ഗവേഷണകേന്ദ്രത്തിന് കേന്ദ്രസഹായം</u>

6715 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ കാൻസർ ചികിത്സാ ഗവേഷണ കേന്ദ്രം പൂർത്തീകരിക്കുന്നതിന് കേന്ദ്ര സഹായം തേടുമോ;

(ബി) ഇതു സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

''ക്യാമ്പയിൻ എഗൻസ്റ്റ് കാൻസർ''

6716 ശ്രീ. ഹൈബി ഈഡൻ
,, അൻവർ സാദത്ത്
,, എം.എ വാഹീദ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ''ക്യാമ്പയിൻ എഗൻസ്റ്റ് കാൻസർ'' എന്ന പ്രചരണ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ആരെയെല്ലാമാണ് ഇതുമായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രചരണ പരിപാടിക്കായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>ഹീമോഫീലിയ രോഗികള്‍ക്ക് സൗജന്യ ചികിത്സ</u>

6717 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഹീമോഫീലിയ രോഗികള്‍ വര്‍ദ്ധിച്ചുവരുന്നതായി ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) വരുമാനം മാനദണ്ഡമാക്കാതെ ഈ രോഗികള്‍ക്ക് സൗജന്യ ചികിത്സ നല്‍കുന്ന കാര്യം പരിഗണിക്കുമോ;

(സി) എല്ലാ ജില്ല, ജനറല്‍ ആശുപത്രികളിലും ഫാക്ടര്‍ VIII, IX എന്നീ ജീവന്‍ രക്ഷാമരുന്നുകള്‍ രജിസ്റ്റര്‍ ചെയ്യുന്ന എല്ലാ ഹീമോഫീലിയ രോഗികള്‍ക്കും ലഭ്യമാക്കുമോ;

(ഡി) ആന്റി ഹീമോഫീലിക് ഫാക്ടര്‍ VIII, IX മരുന്നുകള്‍ കെ.എം.എസ്. സി.എല്‍. വഴി സംഭരിച്ച് വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടികള്‍ സ്വീകരിക്കുമോ;

(ഇ) ഇതിനായി പ്രസ്തുത മരുന്നുകളെ എസ്സന്‍ഷ്യല്‍ ഡ്രഗ് ലിസ്റ്റില്‍ ഉള്‍പ്പെടുത്തുന്നതിന് അടിയന്തിരമായി ഉത്തരവ് നല്‍കുമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

<u>മൊബൈൽ ദന്തൽ ക്ലിനിക്കുകൾ</u>

6718 ശ്രീ. വി. ഡി. സതീശൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൊബൈൽ ദന്തൽ ക്ലിനിക്കുകൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ക്ലിനിക്കുകൾ മുഖേന എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എവിടെയൊക്കെയാണ് പ്രസ്തുത ക്ലിനിക്കുകൾ നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

**കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് അനുവദിച്ചിട്ടുള്ള ഭക്ഷണം**

6719 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സി.എച്ച്.സി./താലൂക്ക്/ജില്ല/ജനറൽ ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് എന്തൊക്കെ ഭക്ഷണങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഭക്ഷണം ഏതൊക്കെ സമയങ്ങളിലാണ് വിതരണം ചെയ്യേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(സി) ഭക്ഷണം യഥാസമയങ്ങളിൽ രോഗികൾക്ക് ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

<u>രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും പ്രചരണവും</u>

6720 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും പ്രചരണത്തിനുമായി ഒരു വർഷം എത്ര കോടി രൂപ ചെലവഴിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇല്ലായ്മ ചെയ്തു എന്നവകാശപ്പെട്ട കോളറ പോലുള്ള രോഗങ്ങൾ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും റിപ്പോർട്ട് ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഓരോ കാലത്തും പലവിധത്തിലുള്ള പനി ഉണ്ടാകുന്നതും പടരുന്നതും എന്തുകൊണ്ടാണെന്ന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>മഴക്കാല രോഗപ്രതിരോധ പ്രവർത്തനങ്ങൾ</u>

6721 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം മഴക്കാല രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് വേണ്ടി സംസ്ഥാനത്ത് എത്ര ജീവനക്കാരെയാണ് നിയമിച്ചത്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) ഈ ജീവനക്കാർക്ക് കഴിഞ്ഞ 7 വർഷമായി വേതനം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മലപ്പുറം ജില്ലയിൽ നിയമിക്കപ്പെട്ട താൽക്കാലിക ജീവനക്കാർക്ക് വേതനം കൊടുക്കുവാൻ തുക ആവശ്യപ്പെട്ട് ഡി.എം.ഒ റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവർക്ക് എത്രയും വേഗം ശമ്പളം കൊടുത്തു തീർക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

പകർച്ചവ്യാധികൾ നിയന്ത്രണവിധേയമാക്കാൻ നടപടി

6722 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പകർച്ചപ്പനിയും മാറാരോഗങ്ങളും പടർന്നു പിടിക്കുന്നത് നിയന്ത്രണവിധേയമാക്കാൻ ഹെൽത്ത് സെന്ററുകളിൽ ആവശ്യത്തിന് ഡോക്ടർമാരും ജീവനക്കാരും രോഗികൾക്കു വേണ്ട സൗജന്യമരുന്നുകളും കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങളും ലഭ്യമല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കണമെന്നാവശ്യപ്പെട്ട് ഏതെല്ലാം സംഘടനകൾ പരാതികളുമായി സർക്കാരിനെ സമീപിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചു;

(ഡി) ഡോക്ടർ ഇല്ലെന്ന കാരണത്താൽ സംസ്ഥാനത്ത് എത്ര പി. എച്ച്.സി കളുടെ പ്രവർത്തനം നിലച്ചു; വിശദമാക്കുമോ;

(ഇ) കാലാവസ്ഥ വ്യതിയാനം മൂലം റൂബല്ലയോടു സാമ്യമുള്ള വൈറസ് രോഗം അടക്കം എന്തെല്ലാം രോഗങ്ങൾ പടർന്നു പിടിച്ചു എന്നും, പ്രസ്തുത രോഗങ്ങൾ നിയന്ത്രണവിധേയമാക്കാൻ സ്വീകരിച്ച മുൻകരുതലുകൾ എന്തെല്ലാമെന്നും ഇതുമൂലം സംസ്ഥാനത്ത് 2014 ജനുവരി മുതൽ നാളിതുവരെ എത്ര പേർ മരണപ്പെട്ടു എന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>പ്രതിരോധ നിയന്ത്രണ സെല്ലിന്റെ പ്രവർത്തനങ്ങൾ</u>

6723 ശ്രീ. കെ. എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പ്രതിരോധ നിയന്ത്രണ സെല്ലിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത സെൽ അടച്ചു പൂട്ടുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(സി) സെല്ലിന്റെ പ്രവർത്തനത്തിനായി നിലവിലുണ്ടായിരുന്ന ഏതെങ്കിലും തസ്തിക നിർത്തലാക്കിയിട്ടുണ്ടോ;

(ഡി) സെല്ലിന്റെ പ്രവർത്തനങ്ങൾക്ക് ഈ വർഷത്തേക്ക് വകയിരുത്തിയിട്ടുളള തുക മുൻ വർഷത്തേക്കാൾ കുറവാണോ; എങ്കിൽ പ്രസ്തുത തുക ഈ സെല്ലിന്റെ പ്രവർത്തനത്തിന് പര്യാപ്തമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

ഡങ്കിപ്പനി നിർമ്മാർജനം ചെയ്യാൻ നടപടി

6724 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും ഡങ്കിപ്പനിയുടെ എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അതിൽ മരിച്ചവർ എത്രയെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഡങ്കികേസുകൾ ഇത്രത്തോളം വർദ്ധിക്കാനുണ്ടായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഡങ്കിപ്പനി പൂർണ്ണമായും ഇല്ലായ്മചെയ്യുന്നതിന് ഈ വർഷം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>പനിബാധിച്ച് ചികിൽസ തേടിയവർ</u>

6725 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 ജൂൺ ഒന്ന് മുതൽ നാളിതുവരെ സംസ്ഥാനത്ത് വിവിധയിനം പനികൾ ബാധിച്ച് സർക്കാർ ആശുപത്രികളിലും, സ്വകാര്യ ആശുപത്രികളിലുമായി എത്ര പേർ മരണപ്പെട്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ;

(ബി) ഈ കാലയളവിൽ സംസ്ഥാനത്ത് വിവിധയിനം പനികൾ ബാധിച്ച എത്ര പേർ സർക്കാർ ആശുപത്രികളിലും, സ്വകാര്യ ആശുപത്രികളിലും ചികിത്സതേടിയെത്തിയെന്ന് ജില്ലതിരിച്ച് കണക്ക് വിശദമാക്കാമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

പനിമരണം തടയാൻ നടപടി

6726 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2014 ജനുവരി മുതൽ ഇതുവരെ എത്രപേരാണ് പനി ബാധിച്ച് മരണപ്പെട്ടിട്ടുള്ളതെന്നു വ്യക്തമാക്കാമോ;

(ബി) ഇതിൽ സ്ത്രീകളുടെയും കുട്ടികളുടെയും എണ്ണം പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

(സി) മരണത്തിനു കാരണമായ ഏതെല്ലാം പനികളാണ് കേരളത്തിൽ ഇപ്പോൾ കാണുവാൻ കഴിയുന്നത്;

(ഡി) ഇത്തരം പനികൾമൂലം വിഷമിക്കുന്നവർക്ക് ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ സർക്കാർ ആശുപത്രികൾ മുഖേന സൗജന്യമായി നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ പി.എച്ച്.സി.കളിൽ ആവശ്യമായ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>കേരള മെഡിക്കല്‍ സര്‍വ്വീസസ് കോര്‍പ്പറേഷന്റെ മരുന്നു വിതരണം</u>

6727 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള മെഡിക്കല്‍ സര്‍വ്വീസസ് കോര്‍പ്പറേഷന്‍ എത്ര കോടി രൂപയുടെ മരുന്നുകളാണ് ശരാശരി ഒരു വര്‍ഷം വാങ്ങി വിതരണം നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കേരള മെഡിക്കല്‍ സര്‍വ്വീസസ് കോര്‍പ്പറേഷന്റെ അനാസ്ഥമൂലം മരുന്ന് നശിക്കാനിടയായതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഉണ്ടെങ്കില്‍ എത്ര രൂപയുടെ മരുന്നാണ് ഉപയോഗശൂന്യമായതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സര്‍ക്കാര്‍ ആശുപത്രികളില്‍ മരുന്നുക്ഷാമം നേരിടുമ്പോള്‍ മരുന്ന് നശിക്കാനിടയായതിന്റെ കാരണം എന്താണ് ; വിശദാംശം വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്ന് വാങ്ങിയതിലെ ക്രമക്കേട്</u>

6728 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കഴിഞ്ഞ സാമ്പത്തിക വർഷം കെ.എസ്.ഡി.പി. യിൽ നിന്നും എത്ര കോടി രൂപയുടെ മരുന്ന് വാങ്ങിയിരുന്നു എന്ന് വിശദാംശം ലഭ്യമാക്കുമോ;

(ബി) മറ്റേതെങ്കിലും പൊതുമേഖലാ മരുന്നു കമ്പനികളിൽ നിന്നും സംസ്ഥാനത്തെ ആശുപത്രികളിലേക്ക് മരുന്നു വാങ്ങുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിതരണം ചെയ്തു എന്നും ഉപയോഗം കുറവായിരുന്നു മരുന്നുകൾ വിതരണക്കാരെ തിരികെ എടുപ്പിക്കുന്നതിൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വീഴ്ചവരുത്തിയതുമൂലം ഖജനാവിന് 2.91 കോടി രൂപയുടെ നഷ്ടമുണ്ടായി എന്നുമുള്ള സി.എ.ജി. റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

<u>മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രവർത്തനം</u>

6729 ശ്രീ. കെ. എം. ഷാജി
'' എൻ. ഷംസുദ്ദീൻ
'' പി. ഉബൈദുള്ള
'' റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രവർത്തനത്തിലെ അപാകതകളെക്കുറിച്ചുള്ള ആവലാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) 2013-ൽ മെഡിക്കൻ സർവ്വീസ് കോരപ്പറേഷൻ ഏത്ര രൂപയുടെ മരുന്നു ശേഖരിച്ചു എന്നും, സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിച്ച മരുന്നുകൾ എത്ര തുകയ്ക്കുള്ള മരുന്ന് അതിലുൾപ്പെടുന്നു എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

<u>അന്ധതാനിവാരണ പ്രവർത്തനങ്ങൾ</u>

6730 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ നേത്രപരിശോധകർ ഇല്ലാത്തതിനാൽ അന്ധതാനിവാരണ പ്രവർത്തനങ്ങൾ അവതാളത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒപ്റ്റോമെട്രിസ്റ്റുകൾ ഇല്ലാത്ത സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സ്കൂൾ കുട്ടികളിലെ നേത്രവൈകല്യങ്ങൾ ആരംഭത്തിലേ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും സാമൂഹിക ആരോഗ്യകേന്ദ്രങ്ങളിലെല്ലാം ഒപ്ടോമെട്രിസ്റ്റുകളുടെ സേവനം ലഭ്യമാക്കുമോ;

(ഡി) കേരളത്തിലെ സഞ്ചരിക്കുന്ന കണ്ണാശുപത്രികളിൽ മതിയായ വാഹനം ലഭ്യമാണോ; സഞ്ചരിക്കുന്ന കൂടുതൽ കണ്ണാശുപത്രികൾ ആരംഭിക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

2014-15 വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പ് കൊല്ലം ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ

6731 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014-15 വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പ് കൊല്ലം ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യവകുപ്പ് കൊല്ലം ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

നെടുമങ്ങാട് താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

6732 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീം ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എന്നാണ് അനുമതി ലഭിച്ചതെന്നും ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) അടിയന്തിരമായി ഡയാലിസിസ് യൂണിറ്റ് നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വക ഭൂമി കയ്യേറ്റം</u>

6733 ശ്രീ.റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ഭൂമി വ്യാപകമായി കയ്യേറിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്ത മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ഭൂമി സർവ്വേ നടത്തി കയ്യേറിയ ഭൂമി തിരിച്ച് പിടിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>എസ്.എ.ടി.എച്ച്.എച്ച്. എംപ്ലോയ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനം</u>

6734 ശ്രീ. പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ എസ്.എ.ടി. ആശുപത്രി കേന്ദ്രമായി എസ്.എ.ടി. എച്ച്.എച്ച്.ഇ. എസ്. എന്ന സംഘടനയ്ക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതു നിയമ പ്രകാരം പ്രവർത്തിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സംഘടനയ്ക്ക് അനുമതി നൽകുമ്പോൾ ബൈലോ ഭേദഗതി സംബന്ധിച്ച് ഏതെങ്കിലും നിബന്ധനകൾ നിഷ്കർച്ചിരുന്നോ; വിശദമാക്കാമോ;

(സി) പ്രവർത്തനം ആരംഭിച്ച ശേഷവും നാളിതുവരെയും സംഘടനയുടെ ബൈലോകൾ ഭേദഗതി ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തവണയെന്നും ഇതിന് സർക്കാർ അംഗീകാരം വാങ്ങിയിട്ടുണ്ടോ എന്നും അറിയിക്കാമോ:

(ഡി) പ്രസ്തുത സംഘടന വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതാണോ;

(ഇ) പ്രസ്തുത സംഘടനയ്ക്ക് മെഡിക്കൽ കോളേജ് വളപ്പിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനോ സ്ഥാപനങ്ങൾ നടത്തി വരുമാനം ഉണ്ടാക്കുന്നതിനോ അനുമതി നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>രാത്രികാല പോസ്റ്റ്മോർട്ടം</u>

T6735 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാത്രി കാലത്തും പോസ്റ്റ്മോർട്ടം അനുവദിച്ച തീരുമാനം മെഡിക്കൽ കോളേജുകളില്ലാത്ത ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിന് സൗകര്യങ്ങളുള്ള ജില്ലാ ആശുപത്രികളിൽ തീരുമാനം നടപ്പിൽ വരുത്താതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ഒരു ജില്ലയിൽ ഒരിടത്തെങ്കിലും രാത്രികാല പോസ്റ്റ്മോർട്ടത്തിനുള്ള സൗകര്യം അടിയന്തരമായി ഏർപ്പെടുത്തുമോ ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

**തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പെറ്റ് സ്കാനർ സ്ഥാപിക്കാൻ നടപടി**

6736 ശ്രീ. വി.എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പെറ്റ് സ്കാനർ സ്ഥാപിക്കുന്നതിന് 2014-15-ലെ വാർഷിക ബഡ്ജറ്റിൽ പ്രഖ്യാപനമുണ്ടായിട്ടുണ്ടോ ;

(ബി) ഇന്ത്യയിൽ തന്നെ സർക്കാർ ഉടമസ്ഥതയിലുള്ള മെഡിക്കൽ കോളേജുകളിൽ ആദ്യമായാണ് ഇങ്ങനെയൊരു സംരംഭം എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പെറ്റ് സ്കാനർ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എവിടെ വരെയായി എന്ന് വ്യക്തമാക്കാമോ ;

(ഡി) പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ എന്നുമുതൽ ഇത് പ്രവർത്തനക്ഷമമാകുമെന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**10.07.2014-ലെ മറുപടിക്ക്**

<u>പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്</u>

6737 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏക താലൂക്ക് ആശുപത്രിയായ പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുകയാണെങ്കിൽ ഡയാലിസിസ് സെന്റർ തുടങ്ങുന്നതിന് അനുമതി നല്കുമോ ;

(സി) ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഡയാലിസിസ് സെന്റർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ടെക്നീഷ്യൻമാരുടെ തസ്തിക സൃഷ്ടിക്കുകയോ അല്ലെങ്കിൽ നിലവിലുള്ളവർക്ക് പരിശീലനം നല്കുകയോ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ</u>

6738 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽനിന്നും ഒരു കോടി രൂപ അനുവദിക്കുകയാണെങ്കിൽ ഡയാലിസിസ് സെന്റർ തുടങ്ങുന്നതിനുള്ള അനുമതി നൽകുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ഡി) ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനത്തിനാവശ്യമായ ഡോക്ടർ, നഴ്സ്, ടെക്നീഷ്യൻമാർ എന്നിവരെ നിയമിക്കുന്നതിനോ നിലവിലുള്ളവർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>കടയ്ക്കൽ സർക്കാർ ആശുപത്രിയിലെ അപര്യാപ്തതകൾ</u>

6739 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടയ്ക്കൽ ഗവൺമെന്റ് ആശുപത്രിയുടെ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്തും ആശുപത്രി വികസന സമിതിയും നൽകിയ നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ കാരുണ്യ ഫാർമസി</u>

6740 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ കാരുണ്യാ ഫാർമസി തുടങ്ങാമെന്ന് കെ.എം.എസ്.സി.എൽ. അറിയിച്ചിരുന്നുവെങ്കിലും അവർ നിർദ്ദേശിച്ച പ്രകാരം 6 ലക്ഷത്തിലധികം രൂപ ചെലവഴിച്ച് കളർകോഡ് കൗണ്ടർ, കമ്പ്യൂട്ടർ സംവിധാനങ്ങൾ, ഡ്രഗ് ലൈസൻസ് എന്നിവ ലഭ്യാക്കിയിട്ടും കാരുണ്യ ഫാർമസി തുടങ്ങാൻ എന്താണ് തടസ്സമെന്ന് വിശദമാക്കുമോ ;

(ബി) എത്രയും വേഗം ഫാർമസി തുടങ്ങാനാവശ്യമായ നടപടിസ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

**പാണത്തൂർ പ്രാഥമിക ആരോഗ്യകേന്ദ്രം സാമൂഹ്യ ആരോഗ്യ കേന്ദ്രമായി ഉയർത്തണമെന്ന ആവശ്യം**

6741 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാണത്തൂർ പ്രാഥമിക ആരോഗ്യ കേന്ദ്രം സാമൂഹ്യ ആരോഗ്യ കേന്ദ്രമായി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ആവശ്യം പരിഗണിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ;

(സി) ഇവിടെ അനുവദിച്ചിട്ടുള്ള തസ്തികകൾ, നിലവിൽ ജോലി ചെയ്യുന്നവരുടെ നിയമനരീതി, തസ്തിക തിരിച്ച് ഒഴിവുകളുടെ എണ്ണം എന്നിവ വിശദമാക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

**<u>കൽപ്പറ്റ ജനറൽ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി</u>**

6742 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ ജനറൽ ആശുപത്രിയുടെ കൈനാട്ടിയിലുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രി കൈനാട്ടിയിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനായി ഇനിയും എന്തെല്ലാം സജ്ജീകരണങ്ങളാണ് ചെയ്യാനുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആശുപത്രി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

വെളിനല്ലൂർ സർക്കാർ ആശുപത്രിയുടെ വികസനം

6743 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും കുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ആധികാരത്തിൽ വന്നതിനുശേഷം വെളിനല്ലൂർ സർക്കാർ ആശുപത്രിയുടെ വികസനത്തിനു വേണ്ടി എൻ.ആർ.എച്ച്.എം. ഫണ്ടുപയോഗിച്ച് എന്തെങ്കിലും പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) വെളിനല്ലൂർ ആശുപത്രിയിലേക്ക് ഒരു ആംബുലൻസ് വാങ്ങുന്നതിനുള്ള തുക അനുവദിക്കുമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

<u>എല്ലാ ബ്ലോക്കുകളിലും ഒരു സ്പെഷ്യാലിറ്റി ആശുപത്രി</u>

6744 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും ഒരു സ്പെഷ്യാലിറ്റി ആശുപത്രി സംവിധാനമൊരുക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ആശുപത്രികളാണ് ഈ സംവിധാനമൊരുക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) താനൂർ നിയോജക മണ്ഡലത്തിലെ ഏത് ആശുപത്രിയിലാണ് സ്പെഷ്യാലിറ്റി സംവിധാനം ഒരുക്കുന്നതെന്നും ഏതെല്ലാം സ്പെഷ്യാലിറ്റി സംവിധാനമാണ് ഇവിടെ സജ്ജമാക്കുന്നതെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>രോഗികൾക്ക് എതിരെയുള്ള അക്രമം തടയാൻ നടപടി</u>

6745 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആശുപത്രികളിൽ ചികിത്സക്കായി പ്രവേശിക്കപ്പെട്ട രോഗികൾക്കെതിരെ അക്രമവും അതിനെത്തുടർന്ന് മരണവുമുണ്ടാകുന്ന സാഹചര്യത്തിൽ രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും ജീവനക്കാരുടെയും സുരക്ഷക്കായി പ്രത്യേക സുരക്ഷാക്രമീകരണങ്ങൾ സ്വീകരിക്കാൻ നടപടിയെടുക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ
ഇരട്ടക്കൊലപാതകം

6746 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 26.06.2014-ൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഒൻപതാം വാർഡിൽ നടന്ന ഇരട്ടക്കൊലപാതകവുമായി ബന്ധപ്പെട്ട് ഏതെങ്കിലും ആശുപത്രി ജീവനക്കാർ അവരുടെ കർത്തവ്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നടന്ന ഇരട്ട കൊലപാതകങ്ങൾ

6747 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 26.06.2014-ൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നടന്ന ഇരട്ട കൊലപാതകങ്ങളുടെ പശ്ചാത്തലത്തിൽ പ്രസ്തുത സംഭവങ്ങൾ ഇനി ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നു വിശദമാക്കുമോ;

(ബി) പ്രസ്തുത കൊലപാതകങ്ങൾ സംബന്ധിച്ചുള്ള പോലീസ് എഫ്.ഐ.ആർ.-ന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ
രോഗികൾ കൊല്ലപ്പെട്ട സംഭവം

6748 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 26.06.2014-ൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഒമ്പതാം വാർഡിൽ ഒരു രോഗിയുടെ മർദ്ദനമേറ്റ് രണ്ടുരോഗികൾ കൊല്ലപ്പെടാനിടയായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ :

(ബി) മാനസിക രോഗത്തിനു ചികിത്സ തേടുന്ന രോഗികളേയും മദ്യാസക്തിയുള്ള രോഗികളേയും ഈ ആശുപത്രിയിലെ ഒമ്പതാംവാർഡിൽ മറ്റു രോഗികളോടൊപ്പമാണോ കിടത്തി ചികിത്സിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒമ്പതാം വാർഡിൽ എന്തൊക്കെ സുരക്ഷാ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഒമ്പതാം വാർഡിലെ കൊലപാതകം

6749 ശ്രീമതി കെ.എസ്.സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഒമ്പതാം വാർഡിൽ കൊലപാതകം നടന്നത് ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ എത്ര പേർ മരണപ്പെട്ടു; അവർ ആരെല്ലാം ; കാരണം എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) വാർഡുകളിൽ രോഗികൾ ഏറ്റുമുട്ടി മരണപ്പെടുന്നത് ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എവിടെയെല്ലാം ;

(സി) ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ എന്തു നടപടി സ്വീകരിക്കും ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സംഭവത്തിലെ ഉദ്യോഗസ്ഥ വീഴ്ച പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത ഒമ്പതാം വാർഡിൽ അവശ്യം വേണ്ടുന്ന ഉദ്യോഗസ്ഥർ എത്ര ; സംഭവ ദിവസം എത്ര ഉദ്യോഗസ്ഥർ ഡ്യൂട്ടിക്കുണ്ടായിരുന്നു എന്നും വ്യക്തമാക്കുമോ ;

(എഫ്) ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ ഒമ്പതാം വാർഡിൽ രോഗികൾക്കൊപ്പം മൃതദേഹം മണിക്കൂറുകളോളം കിടത്തിയ സംഭവം അന്വേഷിച്ചുവോ ;

(ജി) എങ്കിൽ ഇതു പരിശോധിച്ച് നടത്തിയ പ്രഖ്യാപനങ്ങൾ എന്തെല്ലാം ;ഇവയിൽ ഏതെല്ലാം നടപ്പിലായി എന്നു വ്യക്തമാക്കുമോ ;

(എച്ച്) 9-ാം വാർഡിൽ കിടത്തുന്ന രോഗികളെ അസുഖം മാറിയശേഷം പുനരധിവസിപ്പിക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>ഡി. എം. ഇ - ഡി. എച്ച്. എസ് ഇരട്ട നിയന്ത്രണം ഒഴിവാക്കൽ പ്രക്രിയ</u>

6750 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഡി. എം. ഇ -ഡി. എച്ച്. എസ് ഇരട്ട നിയന്ത്രണം ഒഴിവാക്കൽ പ്രക്രിയയിൽ ഒഫ്താൽമിക് അസിസ്റ്റന്റുമാരുടെ നിയമനവുമായി ബന്ധപ്പെട്ട് നിലവിൽ പരാതികളോ കോടതി വ്യവഹാരങ്ങളോ നിലനിൽക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) മുൻ സർക്കാർ സീനിയോറിറ്റി മറികടന്ന് ഓഫ്താൽമിക് അസിസ്റ്റന്റുമാരെ ഡി. എം. ഇ യിൽ നിയമിച്ചിട്ടുണ്ടെങ്കിൽ അനർഹരെ മാതൃവകുപ്പിൽ തിരിച്ചയക്കാനും അർഹരെ ഡി. എം. ഇ യിൽ നിയമിക്കുവാനും നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>കുന്നംകുളം എരുമപ്പെട്ടി സി. എച്ച്. സി. യിലെ സ്റ്റാഫ് പാറ്റേൺ</u>

6751 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നിയോജകമണ്ഡലത്തിലെ എരുമപ്പെട്ടി സി. എച്ച്. സി. യിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കുമോ;

(ബി) നിരവധി രോഗികൾ ചികിത്സ തേടിയെത്തുന്ന ഇവിടെ മറ്റ് സി. എച്ച്. സി. കളിലേതുപോലെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സ്വീകരിക്കുമെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവന വ്യവസ്ഥകൾ

6752 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനവ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവന വ്യവസ്ഥകൾ അവസാനമായി പരിഷ്കരിച്ചത് എന്നാണ്; പകർപ്പ് ലഭ്യമാക്കാമോ;

(സി) പൊതുജനാരോഗ്യത്തിന് കൂടുതൽ പങ്കാളിത്തം നൽകുന്നതിന് അധികാരപരിധി വർദ്ധിപ്പിച്ചു നൽകുന്നതിന് നിലവിലെ നിയമത്തിൽ പരിഷ്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

ഗ്രാമീണ ഹെൽത്ത് സെന്ററുകളിൽ ജീവനക്കാരെ നിയമിക്കാൻ നടപടി

6753 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഗ്രാമീണ മേഖലയിലെ ഹെൽത്ത് സെന്ററുകളിൽ പകർച്ച രോഗങ്ങൾ തടയുന്നതിന് കൂടുതലായി ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

<u>കണ്ണൂർ ജില്ലയിലെ ജെ. പി. എച്ച്. എൻ., ജെ. എച്ച്. ഐ. സ്ഥലം മാറ്റം</u>

6754 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ആരോഗ്യ വകുപ്പിൽ 2014ലെ പൊതുസ്ഥലം മാറ്റത്തിന് ജെ. പി. എച്ച്. എൻ., ജെ. എച്ച്. ഐ. വിഭാഗത്തിൽ നിന്നും അപേക്ഷ ലഭിച്ചവരുടെ ലിസ്റ്റ് മുൻഗണനാ പ്രകാരം ആവശ്യപ്പെട്ട സ്ഥലങ്ങൾ സഹിതം ലഭ്യാക്കുമോ ;

(ബി) കരട് ലിസ്റ്റിൽ മുൻഗണന പ്രകാരം അപേക്ഷിക്കാത്ത സ്ഥലങ്ങളിൽ ആരെയൊക്കെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) കരട് ലിസ്റ്റിലെ അപാകതകൾക്കെതിരെ പരാതി നല്കിയവരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) കരട് ലിസ്റ്റിലെ അപാകതകൾ സംബന്ധിച്ച് പരാതി നല്കിയവരുടെ പരാതി പരിശോധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഇ) കരട് ലിസ്റ്റിനെ സംബന്ധിച്ച് പരാതി നല്കിയവർ ആവശ്യപ്പെട്ട സ്ഥലങ്ങളിലേക്ക്, പരാതി നല്കിവരേക്കാൾ ജൂനിയറായ ആൾക്കാരെ നിയമിച്ചിട്ടുണ്ടെങ്കിൽ കാരണം വിശദമാക്കാമോ ;

(എഫ്) ടി ലിസ്റ്റിലെ ആക്ഷേപങ്ങൾ പരിഹരിച്ച് സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉത്തരവ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

താല്ക്കാലിക സര്‍വ്വീസിലെ ജൂനിയര്‍ പബ്ലിക് ഹെല്‍ത്ത് നഴ്സുമാരുടെ പ്രൊമോഷന്‍

6755 ശ്രീ. പി. കെ. ഗുരുദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആരോഗ്യവകുപ്പില്‍ 1.1.1990-ല്‍ താല്ക്കാലിക സര്‍വ്വീസില്‍ കയറിയ അഞ്ച് ജൂനിയര്‍ പബ്ലിക് ഹെല്‍ത്ത് നഴ്സുമാരെ കോടതി ഉത്തരവ് തെറ്റായി വ്യാഖ്യാനിച്ച് സര്‍വ്വീസ് റഗുലറൈസ് ചെയ്യുകയും അതുവഴി പ്രൊമോഷന്‍ നല്‍കുകയും ചെയ്തിട്ടുണ്ടോ; ഇതു പുനഃപരിശോധിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) താല്ക്കാലിക സര്‍വ്വീസില്‍ നിന്നും നീക്കം ചെയ്ത നാല് വര്‍ഷക്കാലയളവ് ലീവായി അനുവദിച്ചിട്ടുണ്ടോ; ഇതു നിയമാനുസൃതമാണോ; ഇതു പുനഃപരിശോധിക്കുമോ; ലീവ് കാലയളവ് പ്രൊമോഷനുള്ള സര്‍വ്വീസില്‍ കണക്കാക്കി പ്രൊമോഷന്‍ നല്‍കുകയും ഒരു ലക്ഷത്തിലധികം രൂപ അരിയര്‍ എഴുതി നല്‍കുകയും ചെയ്തിട്ടുണ്ടോ; ഇതു നിയമാനുസൃതമല്ലെങ്കില്‍ പുനഃപരിശോധിക്കുമോ;

(സി) പി.എസ്.സി പരീക്ഷ പാസ്സാകാതെ മാനുഷിക പരിഗണനയില്‍ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തില്‍ 2003-ല്‍ സര്‍വ്വീസില്‍ കയറിയവരെ 1993-ല്‍ പി.എസ്.സി. മുഖേന സര്‍വ്വീസില്‍ കയറിയവരെ മറികടന്നു പ്രൊമോഷന്‍ നല്‍കിയിട്ടുണ്ടോ; ഇതു പുനഃപരിശോധിക്കുമോ;

(ഡി) ഏതെങ്കിലും കാറ്റഗറിയില്‍ താല്ക്കാലിക സര്‍വ്വീസില്‍ പ്രവേശിച്ചവര്‍ക്കു പ്രസ്തുത തീയതി വച്ചു സര്‍വ്വീസ് റഗുലറൈസ് ചെയ്തു പ്രൊമോഷന്‍ നല്‍കിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉള്ള ജെ.എച്ച്.ഐ - മാർ

6756 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിലെ എത്ര ജെ. എച്ച്. ഐ ഗ്രേഡ്-II വിവിധ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഇപ്പോൾ ജോലി ചെയ്ത് വരുന്നുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇങ്ങനെ ഡെപ്യൂട്ടേഷനിൽ പോയ ജീവനക്കാരുടെ ഒഴിവുകൾ നികത്തിയിട്ടുണ്ടോ;

(സി) ഇപ്പോൾ ഇത്തരത്തിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ഡി) ജി.ഒ. 580/13 ഫിൻ. തീയതി 28.11.2013 പ്രകാരം അനുവദിക്കപ്പെട്ടിട്ടുളള സമാന ശമ്പള സ്കെയിലുകളുളള തസ്തികകളിലേക്ക് മാത്രമേ ഡെപ്യൂട്ടേഷൻ അനുവദിക്കാവൂ എന്ന് ധനകാര്യവകുപ്പ് ആരോഗ്യ ഡയറക്ടറോട് നിർദ്ദേശിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഡെപ്യൂട്ടേഷനിൽ തുടരുന്ന ജീവനക്കാർക്ക് എക്സ്റ്റെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) 01.03.2014 ന് ശേഷം ഡെപ്യൂട്ടേഷന് എക്സ്റ്റെൻഷനു വേണ്ടി ആർക്കെങ്കിലും എൻ.ഒ. സി കൊടുത്തിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെയാണ്?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

കോങ്ങാട് സി.എച്ച്.സിയിലെ സ്റ്റാഫ് നിയമനം

6757 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എച്ച്.സി കൾ പലതും സി.എച്ച്.സി കൾ ആക്കി ഉയർത്തി സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചുവെങ്കിലും നാളിതുവരെ തസ്തികകൾ അനുവദിച്ചു നൽകുകയോ ആയതിൻപ്രകാരം ജീവനക്കാരെ നിയമിക്കുകയോ ചെയ്തിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം പരിഹരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ;

(സി) ദീർഘകാലമായി ആവശ്യപ്പെടുന്ന കോങ്ങാട് സി.എച്ച്.സി യിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ജീവനക്കാരെ നിയമിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

**മാവേലിക്കര മണ്ഡലത്തിലെ ഡോക്ടർമാർ കുറവുള്ള ആരോഗ്യ കേന്ദ്രങ്ങൾ**

6758 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ജില്ലാ ആശുപത്രി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ എന്നിവിടങ്ങളിൽ അനുവദനീയമായ ഡോക്ടർമാരുടെയും നഴ്സുമാരുടെയും തസ്തികകൾ എത്രയാണ് ;ജോലി ചെയ്യുന്നവർ നിലവിൽ എത്രയാണ്; ഒഴിവുകൾ എത്ര ;

(ബി) ഡോക്ടർ കുറവുള്ള ആരോഗ്യകേന്ദ്രങ്ങളിൽ അടിയന്തരമായി ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ ആരോഗ്യകേന്ദ്രങ്ങളിലെ ഇതര തസ്തികകളിലേക്കും അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ;

(ഡി) ഈ ആരോഗ്യ കേന്ദ്രങ്ങളിലെ താല്ക്കാലിക/കരാർ ജീവനക്കാരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

<u>കൊട്ടാരക്കര താലൂക്ക് ആശുപത്രി സൂപ്രണ്ടിനെ നിയമിക്കുന്നതിന് നടപടി</u>

6759 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രി സൂപ്രണ്ട് അവധിയിൽ പ്രവേശിച്ചിട്ട് എത്ര നാളായി;

(ബി) താലൂക്ക് ആശുപത്രി പൂർണ്ണസമയ സൂപ്രണ്ടിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ആശുപത്രിയിൽ ഏതെല്ലാം തസ്തികകളിലെ ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ട്; ഒഴിവുള്ള തസ്തികകളിൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>പ്രതിരോധ നിയന്ത്രണ സെല്ലിന്റെ സംസ്ഥാന കോ-ഓർഡിനേറ്റർ</u>

6760 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പകർച്ച വ്യാധികൾ കണ്ടെത്താനും മുൻകരുതൽ നടപടി സ്വീകരിക്കുന്നതിനുമായി പ്രവർത്തിക്കുന്ന പ്രതിരോധ നിയന്ത്രണ സെല്ലിന്റെ സംസ്ഥാന കോ-ഓർഡിനേറ്റർ തസ്തിക ഇല്ലാതാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത സെല്ലിന്റെ പ്രവർത്തന ഫണ്ട് 40 ലക്ഷത്തിൽ നിന്നും 20 ലക്ഷമായി വെട്ടിച്ചുരുക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത സെല്ലിന്റെ ഘടനയും സെൽ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങളും വിശദമാക്കുമോ?

**കേരള നിയമസഭ**
**10.07.2014-ലെ മറുപടിക്ക്**

<u>അനസ്തേഷ്യ ടെക്നീഷ്യൻ</u>

6761 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ അനസ്തേഷ്യ ടെക്നീഷ്യൻമാരുടെ എത്ര തസ്തികകളാണുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ തസ്തികയുടെ നിയമന യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) അനസ്തേഷ്യ ടെക്നീഷ്യൻ ഡിപ്ലോമ കോഴ്സ്, ഓപ്പറേഷൻ തിയേറ്റർ ടെക്നീഷ്യൻ കോഴ്സിന് തുല്യമായി അംഗീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) അനസ്തേഷ്യ ടെക്നീഷ്യൻ ഡിപ്ലോമ കോഴ്സ് അനസ്തേഷ്യ ടെക്നീഷ്യൻ, ഓപ്പറേഷൻ തിയേറ്റർ ടെക്നീഷ്യൻ എന്നിവയ്ക്കുള്ള യോഗ്യതയായി പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>കുന്നംകുളം താലൂക്കാശുപത്രിയിൽ ഫാർമസിസ്റ്റ് തസ്തിക</u>

6762 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം ഗവൺമെന്റ് താലൂക്കാശുപത്രിയിൽ എത്ര ഫാർമസിസ്റ്റ് തസ്തികയാണ് അനുവദിച്ചു നൽകിയിട്ടുള്ളത് ; ഗവൺമെന്റ് താലൂക്കാശുപത്രിയായി ഉയർത്തി ഡോക്ടർമാരുടെ സ്പെഷ്യാലിറ്റി കേഡർ അനുവദിച്ച് വിദഗ്ദ്ധ ചികിത്സ നടത്തിവരുമ്പോഴും ഫാർമസിസ്റ്റ് തസ്തിക പഴയപടി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദിനംപ്രതി 500നും 800നും ഇടയിൽ ഒ.പി. വിഭാഗത്തിലും 100നു അടുത്ത് ഐ.പി. വിഭാഗത്തിലും ചികിത്സയ്ക്കായി രോഗികൾ എത്തുന്ന ഈ ആശുപത്രിയിൽ ഫാർമസിസ്റ്റിന്റെ തസ്തിക അധികമായി സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ ഫീൽഡ് വർക്കർ തസ്തിക</u>

6763 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ആരോഗ്യവകുപ്പിൽ ജനസംഖ്യാനുപാതികമായി ഫീൽഡ് വർക്കർ തസ്തിക ഇല്ലാത്തത് രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ പ്രയാസമുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ എത്ര ഫീൽഡ് വർക്കർ തസ്തികകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ആവശ്യത്തിന് തസ്തിക സൃഷ്ടിക്കാൻ ആരോഗ്യവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) മറ്റു ജില്ലകൾക്കനുവദിച്ച അനുപാതത്തിൽ മലപ്പുറം ജില്ലയിൽ ഫീൽഡ് വർക്കർ തസ്തിക നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) എല്ലാ ജില്ലകളിലേയും പ്രസ്തുത തസ്തികകളുടെ എണ്ണവും ജനസംഖ്യയും പ്രത്യേകം വിശദമാക്കാമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>സിവിൽ സർജൻമാരുടെ ഒഴിവുകൾ</u>

6764 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിലെ ഇടയാഴം ബ്ലോക്ക് പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ സിവിൽ സർജൻമാർ ഉൾപ്പെടെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്നും ഇതിൽ ഏതെല്ലാം തസ്തികകളിലാണ് ഒഴിവുകൾ നിലവിലുള്ളതെന്നും വിശദമാക്കുമോ;

(ബി) ഇടയാഴം ബ്ലോക്ക് പി.എച്ച്.സി യിൽ എൻ.ആർ.എച്ച്.എം വഴി ഡോക്ടർമാരെയോ മറ്റ് ജീവനക്കാരെയോ നിയമിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്രപേരെ നിയമിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

വൈപ്പിൻ നിയോജക മണ്ഡലം ആരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ ഒഴിവുകൾ

6765 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ അനുവദിച്ചിട്ടുള്ള ഡോക്ടർമാരുടെ തസ്തികകൾ എത്രയാണ് ;ഇപ്പോൾ ജോലി ചെയ്യുന്നവർ എത്രപേർ; എത്ര ഒഴിവുകൾ ഉണ്ട് എന്ന് രേഖാമൂലം വിശദമാക്കുമോ ;

(ബി) ഈ ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**10.07.2014-ലെ മറുപടിക്ക്**

<u>പയ്യന്നൂർ നിയോജകമണ്ഡലം ആശുപത്രികളിലെ ഡോക്ടർമാരുടെ ഒഴിവുകൾ</u>

6766 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് സ്ഥാപന അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>നാട്ടിക മണ്ഡലം സർക്കാർ ആശുപത്രികളിലെ ഒഴിവുകൾ</u>

6767 ശ്രീമതി ഗീതാഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ദീർഘനാളുകളായി ഒഴിഞ്ഞുകിടക്കുന്ന ഈ തസ്തികകളിൽ നിയമനം നടത്തുന്നതിന് കാലതാമസം ഉണ്ടാകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ എത്രയുംവേഗം നിയമനം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

വടക്കഞ്ചേരി സി.എച്ച്.സി-യിൽ ആവശ്യമായ
തസ്തികകൾ സൃഷ്ടിക്കാൻ നടപടി

6768 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടക്കഞ്ചേരി ഗവൺമെന്റ് ആശുപത്രി സി.എച്ച്.സി ആയി ഉയർത്തിയെങ്കിലും സി.എച്ച്.സി പാറ്റേൺ പ്രകാരം ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കാത്തത് മൂലമുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളാണ് ആവശ്യപ്പെട്ടിട്ടുള്ളത് ;

(സി) ഈ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>പത്തനംതിട്ട ജില്ലയിലെ ഗ്രേഡ് II നഴ്സുമാരുടെ ഒഴിവുകൾ</u>

6769 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ നിലവിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 യുടെ എത്ര ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പത്തനംതിട്ട ജില്ലയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 യുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(സി) പ്രസ്തുത ലിസ്റ്റിൽ നിന്നും നാളിതുവരെ നടത്തിയിട്ടുള്ള നിയമനങ്ങളെ സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഈ വിഭാഗത്തിന്റെ ജില്ലയിലെ സ്റ്റാഫ് സ്ട്രെങ്ത് എത്രയാണെന്ന് അറിയിക്കുമോ ;

(ഇ) അതിൽ എത്ര പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(എഫ്) പത്തനംതിട്ട ജില്ലാതല ലിസ്റ്റിൽ നിന്നും എന്നാണ് അവസാനമായി പ്രമോഷൻ നടന്നതെന്ന് വെളിപ്പെടുത്തുമോ ;

(ജി) നാളിതുവരെ എത്ര ഒഴിവുകളിലേക്ക് നിയമനം നടത്താൻ പി.എസ്.സി യ്ക്ക് ശുപാർശ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(എച്ച്) ഒഴിവുള്ള പോസ്റ്റുകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഐ) ഈ തസ്തികയിൽ ജില്ലയിലുള്ള താൽക്കാലിക നിയമനങ്ങൾ എത്രയെന്ന് അറിയിക്കുമോ ;

(ജെ) നിലവിൽ താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുള്ള തസ്തികയിലേക്ക് പി.എസ്.സി വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>കണ്ണൂർ ജില്ലയിൽ പാർട്ടൈം സ്വീപ്പർ ഒഴിവുകൾ</u>

6770 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ആരോഗ്യവകുപ്പിന് കീഴിൽ പാർട്ടൈം സ്വീപ്പർ മാരുടെ എത്ര ഒഴിവുകളുണ്ടെന്നും പ്രസ്തുത ഒഴിവുകൾ ഉണ്ടായ തീയതി സഹിതം സ്ഥാപന അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പാർട്ടൈം സ്വീപ്പർമാരുടെ ഒഴിവുകൾ നികത്തുന്നതിന് അതത് സമയങ്ങളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരാതി പരിഹാര പദ്ധതി</u>

6771 ശ്രീ. എം. എ. വാഹീദ്
,, വി. റ്റി. ബൽറാം
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളിൽ നിന്നുള്ള പരാതികൾക്ക് പരിഹാരം കാണാൻ ഭക്ഷ്യസുരക്ഷാ വകുപ്പ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് പദ്ധതിയുടെ പ്രവർത്തനവുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 10.07.2014–ലെ മറുപടിക്ക്

<u>കുപ്പിവെള്ളത്തിന്റെ നിലവാര നിർണ്ണയം</u>

6772 ശ്രീ. കെ. കെ. ജയചന്ദ്രൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. കെ. നാരായണൻ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുപ്പിയിലാക്കി വിൽക്കുന്ന കുടിവെള്ളത്തിന് ആരോഗ്യവകുപ്പ് നിലവാര നിർണ്ണയം നടത്താറുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡം അറിയിക്കുമോ;

(ബി) നിലവാര നിർണ്ണയം നടത്തിയശേഷമാണോ വിപണിയിൽ കുടിവെള്ളം വിൽക്കാൻ അനുവദിക്കുന്നത്;

(സി) അന്യ സംസ്ഥാനത്തുനിന്നും കൊണ്ടുവരുന്ന കുപ്പിവെള്ളത്തിന്റെ നിലവാര നിർണ്ണയത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ഡി) നിശ്ചിത നിലവാരമില്ലാത്ത കുപ്പിവെള്ളം വിറ്റതിനെതിരെ സംസ്ഥാനത്ത് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇവയുടെ വിലനിർണ്ണയത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന് എന്തെങ്കിലും അധികാരമുണ്ടോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

ശുദ്ധമായ കുടിവെള്ളംകൊണ്ടു വരുന്നതിനുള്ള മാനദണ്ഡങ്ങള്‍

6773 ശ്രീ. കെ. ശിവദാസന്‍ നായര്‍
,, കെ. മുരളീധരന്‍
,, റ്റി. എന്‍. പ്രതാപന്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ശുദ്ധമായ കുടിവെള്ളം കൊണ്ടുവരുന്നതിനായി ടാങ്കര്‍ ലോറികള്‍ക്കും കുടിവെള്ള സ്രോതസ്സുകള്‍ക്കും ഭക്ഷ്യ സുരക്ഷാ വകുപ്പ് ശാസ്ത്രീയമായ മാനദണ്ഡങ്ങള്‍ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**10.07.2014-ലെ മറുപടിക്ക്**

<u>പഴം പച്ചക്കറികളുടെ ഗുണനിലവാരം</u>

T6774 ശ്രീ. എ. കെ. ബാലൻ
,, സാജു പോൾ
,, രാജു എബ്രഹാം
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തേക്ക് വരുന്ന പച്ചക്കറികൾ ഉല്പാദിപ്പിക്കുന്ന അന്യസംസ്ഥാനങ്ങളിലെ ഉല്പാദനകേന്ദ്രങ്ങളിൽ തന്നെ ഇടപെടുന്നതിനും അപകടകരമായ രാസവസ്തുക്കൾ കൃഷിക്ക് ഉപയോഗിക്കുന്നില്ലെന്നുറപ്പാക്കാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യമേഖലകളിലെ തൊഴിലാളികൾക്കും സംരംഭകർക്കും പരിശീലന ക്ലാസ്സുകൾ</u>

6775 ശ്രീ. വർക്കല കഹാർ
,, ആർ. സെൽവരാജ്
,, പി. എ മാധവൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യമേഖലകളിലെ തൊഴിലാളികൾക്കും സംരംഭകർക്കും പരിശീലന ക്ലാസ്സുകൾക്കായി ഭക്ഷ്യസുരക്ഷാ വകുപ്പ് പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് പദ്ധതിയുടെ പ്രവർത്തനവുമായി സഹകരിക്കുന്നത്;വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

ഹോട്ടലുകൾക്കും റസ്റ്റോറന്റുകൾക്കും ശുചിത്വ മാനദണ്ഡം

6776 ശ്രീ. സണ്ണി ജോസഫ്
,, വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകൾക്കും റസ്റ്റോറന്റുകൾക്കും കർശന ശുചിത്വ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ ഭക്ഷ്യസുരക്ഷാ വിഭാഗത്തിലെ ഒഴിവുകൾ</u>

6777 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഭക്ഷ്യസുരക്ഷാ വിഭാഗത്തിൽ ആകെ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കാസർഗോഡ് ജില്ലയിൽ നിലവിൽ എത്ര സ്ഥാപനങ്ങൾക്കാണ് ജില്ലാ ഭക്ഷ്യസുരക്ഷാ ഓഫീസിൽ നിന്നും ലൈസൻസ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

തീരദേശ മേഖലയിലെ കുട്ടികളിൽ പോഷകാഹാരക്കുറവ്

6778 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരപ്രദേശ മേഖലയിലെ കുട്ടികൾക്ക് പോഷകാഹാരക്കുറവ് മൂലം പലവിധത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>രോഗികൾക്കുള്ള ഭക്ഷണം</u>

6779 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ഇപ്പോൾ ഒരു രോഗിക്ക് ഒരു ദിവസം രണ്ട് നേരത്തേക്കായി എത്ര ഗ്രാം അരിയുടെ കഞ്ഞിയും പയറുമാണ് നൽകിവരുന്നത്; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) രോഗികൾക്ക് നൽകുന്ന ഭക്ഷണ വിതരണ രീതി നിലവിലുള്ളതിൽ നിന്നും ഉയർത്തി 250 ഗ്രാം അരിയുടെ കഞ്ഞിയും 100 ഗ്രാം പയറും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

<u>അനലറ്റിക്കൽ ലാബുകൾക്ക് എൻ.എ.ബി.എച്ച്.</u>
<u>അക്രഡിറ്റേഷൻ</u>

6780 ശ്രീ. ലൂഡി ലൂയിസ്
,, അൻവർ സാദത്ത്
,, കെ. മുരളീധരൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനലിറ്റിക്കൽ ലാബുകളെ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

<u>അനലറ്റിക്കൽ ലാബുകളിൽ ഭക്ഷ്യസാമ്പിളുകളുടെ പരിശോധന</u>

6781 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസാമ്പിളുകൾ അനലറ്റിക്കൽ ലാബിൽ ശരിയായ വിധത്തിൽ പരിശോധിക്കപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഈ സർക്കാർ അധികാരമേറ്റതിനുശേഷം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആയതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>പുതിയ മെഡിക്കൽ കോളേജുകൾക്കായുള്ള സമഗ്രവികസന പദ്ധതി</u>

6782 ശ്രീ. പി. കെ. ഗുരുദാസൻ
,, എം. ചന്ദ്രൻ
,, സാജു പോൾ
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ മെഡിക്കൽ കോളേജുകൾക്കായി 1500 കോടി രൂപയുടെ സമഗ്രവികസന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം അറിയിക്കാമോ ;

(ബി) ഇതിനായി ഇതുവരെ ചെയ്ത കാര്യങ്ങൾ അറിയിക്കാമോ ;

(സി) ബഡ്ജറ്റിൽ ഈ പദ്ധതിക്കായി എത്ര തുക നീക്കി വച്ചിട്ടുണ്ടെന്നും എന്നത്തേക്ക് പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്നും അറിയിക്കാമോ?

**കേരള നിയമസഭ**
**10.07.2014-ലെ മറുപടിക്ക്**

<u>പുതിയ മെഡിക്കൽ കോളേജുകൾ</u>

6783 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ ഉൾപ്പെട്ട പുതിയ മെഡിക്കൽ കോളേജുകൾ എന്നത്തേക്ക് യഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

മെഡിക്കൽ കോളേജുകളിലെ മിനി കാൻസർ സെന്ററുകൾ

6784 ശ്രീ. ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, പാലോട് രവി
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിൽ മിനി കാൻസർ സെന്ററുകൾ തുടങ്ങുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത ആശുപത്രികളിൽ സജ്ജീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത കാൻസർ സെന്ററുകൾ തുടങ്ങുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

മെഡിക്കൽ കോളേജുകളോടനുബന്ധിച്ച രോഗഗവേഷണ പഠനങ്ങൾ

6785 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, പി. ഉബൈദുള്ള
,, എൻ. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മർമാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽകോളേജുകളോടനുബന്ധിച്ച് രോഗഗവേഷണ പഠനങ്ങൾക്കായി എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സൗകര്യങ്ങളുപയോഗിച്ച് എന്തൊക്കെ ഗവേഷണ പഠനങ്ങൾ കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കിടെ ഏറ്റെടുത്തിട്ടുണ്ടെന്നതിന്റെ വിശദവിവരം നൽകുമോ;

(സി) ഇത്തരം ഗവേഷണങ്ങളുടെ ഫലമായി എന്തൊക്കെ സുപ്രധാന കണ്ടുപിടിത്തങ്ങൾ നടത്താനായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 10.07.2014–ലെ മറുപടിക്ക്

<u>എ. ഐ. ഐ. എം. എസ് സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കൽ</u>

6786 ശ്രീ. കെ. എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (എ. ഐ. ഐ. എം. എസ്) സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശം സർക്കരിന് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള മാർഗ്ഗ രേഖ തയ്യാറാക്കി നൽകിയോ എന്നറിയിക്കാമോ;

(സി) ഇതിനു വേണ്ടി സ്ഥലം ഏതു രീതിയിൽ ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>അസിസ്റ്റന്റ് എന്റമോളജിസ്റ്റ്-എന്റമോളജിസ്റ്റ് നിയമനം</u>

6787 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് എന്റമോളജിസ്റ്റ് നിയമനത്തിനുള്ള മാനദണ്ഡങ്ങൾ (സ്പെഷ്യൽ റൂൾസ്) നിലവിലുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് സഹിതം വിശദാംശം നൽകുമോ;

(ബി) മുൻ സർക്കാർ സീനിയോറിറ്റി മറികടന്ന് അസിസ്റ്റന്റ് എന്റമോളജിസ്റ്റ്- എന്റമോളജിസ്റ്റ് തസ്തികയിൽ നടത്തിയ നിയമനങ്ങളെ സംബന്ധിച്ച് പരാതിയോ കോടതി വ്യവഹാരമോ നിലനിൽക്കുന്നുണ്ടോ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന വിവരം വ്യക്തമാക്കുമോ;

(സി) മുൻ സർക്കാർ സീനിയോറിറ്റി മറി കടന്ന് അസിസ്റ്റന്റ് എന്റമോളജിസ്റ്റ്- എന്റമോളജിസ്റ്റ് തസ്തികയിൽ നടത്തിയ നിയമനങ്ങൾ റദ്ദാക്കി സീനിയോറിറ്റിയോ വിദ്യാഭ്യാസ യോഗ്യതയോ പ്രകാരം അർഹരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

പാരാമെഡിക്കൽ ഡയറക്ടറേറ്റ് രൂപീകരണം

6788 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാരാമെഡിക്കൽ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

## പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകൾ

6789 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നടത്തിവരുന്ന പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകൾ ഏതൊക്കെയാണ് ; എത്ര വിദ്യാർത്ഥികൾ പ്രസ്തുത കോഴ്സുകൾ പഠിക്കുന്നുണ്ട് ;സർക്കാർ, സ്വാശ്രയ കോളേജുകളുടെ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത കോഴ്സുകളിൽ പി.എസ്.സി അംഗീകാരം ഇല്ലാത്തവ ഏതെല്ലാം ; പി.എസ്.സി യുടെ അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത കോഴ്സുകൾ പഠിപ്പിക്കുന്നതിന് അധ്യാപകരോ അടിസ്ഥാന സൗകര്യങ്ങളോ കോളേജുകളിൽ ലഭ്യമാണോ ;

(ഡി) പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകളുടെ സിലബസ് അവസാനമായി പരിഷ്ക്കരിച്ചത് എപ്പോഴാണ് ; സിലബസ് പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) പാരാമെഡിക്കൽ ഡിപ്ലോമകോഴ്സുകൾ സമഗ്രമായി പരിഷ്ക്കരിക്കുന്നതിനും സർക്കാർ അംഗീകാരം ഇല്ലാത്ത സ്ഥാപനങ്ങൾ വ്യാജകോഴ്സുകൾ നടത്തുന്നത് തടയാനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

തൃശ്ശൂർ മെഡിക്കൽ കോളേജിനെ യൂണിവേഴ്സിറ്റി കോളേജ് ആയി പ്രഖ്യാപിക്കാൻ നടപടി

6790 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിനെ ആരോഗ്യ സർവ്വകലാശാലയുടെ കീഴിലുള്ള യൂണിവേഴ്സിറ്റി കോളേജ് ആയി പ്രഖ്യാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>തൃശ്ശൂർ മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്</u>

6791 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃശ്ശൂർ മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>തൃശൂർ മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ ബിരുദ കോഴ്സ്</u>

6792 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ മെഡിക്കൽ കോളേജിൽ നിലവിലുള്ള പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകൾക്ക് പുറമേ ബിരുദ കോഴ്സുകൾ കൂടി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ, വിശദാംശം വ്യക്തമാക്കാമോ;

(സി) പി. ജി. കോഴ്സുകൾ ഉണ്ടെങ്കിലും ഡിഗ്രി കോഴ്സുകൾ ഇല്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ, ഡിഗ്രി കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

മഞ്ചേരി മെഡിക്കല്‍ കോളേജിലെ അടിസ്ഥാന സൗകര്യങ്ങള്‍

6793 ശ്രീ. എളമരം കരീം
,, പി. ശ്രീരാമകൃഷ്ണന്‍
ഡോ. കെ. ടി. ജലീല്‍
ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ മേഖലയില്‍ പുതുതായി ആരംഭിച്ച മഞ്ചേരി മെഡിക്കല്‍ കോളേജില്‍ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കാരണം വിദ്യാര്‍ത്ഥി പ്രവേശനം തടഞ്ഞിട്ടുണ്ടോ;

(ബി) നിലവിലുള്ള ജില്ലാ ആശുപത്രികളെ മെഡിക്കല്‍ കോളേജുകളാക്കാന്‍ നയപരമായ തീരുമാനമെടുത്തിട്ടുണ്ടോ;

(സി) മഞ്ചേരി ജില്ലാ ആശുപത്രിയെ മെഡിക്കല്‍ കോളേജായി ഉയര്‍ത്തിയതിന്റെ ഭാഗമായി നടത്തിയ വികസന പ്രവര്‍ത്തനത്തിന്റെ വിശദാംശം അറിയിക്കാമോ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

<u>കൊല്ലത്ത് മെഡിക്കൽ കേളേജ് ആരംഭിക്കുന്നതിന് നടപടി</u>

6794 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലത്ത് ഗവൺമെന്റ് മെഡിക്കൽ കോളേജ് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചത് നടപ്പിലാക്കുമോ;

(ബി) 2012-13 ൽ കൊല്ലം ജില്ലാ ആശുപത്രി ജനറൽ ആശുപത്രയായി ഉയർത്തുമെന്നും, 2013-14 ൽ മെഡിക്കൽ കോളേജ് അനുവദിക്കാമെന്നുമുളള വാഗ്ദാനം എന്തുകൊണ്ടാണ് നടപ്പിലാക്കാതിരുന്നതെന്ന് വിശദമാക്കുമോ;

(സി) കൊല്ലത്ത് പ്രവർത്തിച്ചിരുന്ന നാഷണൽ ടെക്സ്റ്റയിൽ കോർപ്പറേഷന്റെ ഭൂമി കേന്ദ്ര ഗവൺമെന്റിൽ നിന്നും സംസ്ഥാനം ഏറ്റെടുത്തു അതിലൊരു ഭാഗം ജില്ലാ ആശുപത്രിയോടനുബന്ധിച്ച് മെഡിക്കൽ കോളേജ് ആരംഭിക്കണമെന്നും അവശേഷിക്കുന്ന തൊഴിലാളികൾക്ക് കോമ്പൻസേഷൻ കൊടുക്കണമെന്നും ആവശ്യപ്പെട്ട് ഗവൺമെന്റിനു സമർപ്പിച്ചിട്ടുളള നിവേദനം അംഗീകരിക്കുമോ; ബഹു. വകുപ്പ് മന്ത്രിക്കു നൽകിയ നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) ജില്ലാ പഞ്ചായത്തു നിർദ്ദേശിച്ച സ്ഥലം മെഡിക്കൽ കോളേജ് ആരംഭിക്കാൻ ഉപയോഗിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

മെഡിക്കൽ കോളേജുകളിലെ പുറം കരാർ പ്രവർത്തനങ്ങൾ

6795 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ ഏതെല്ലാം വിഭാഗങ്ങൾ മുഖേന നടപ്പാക്കുന്ന പ്രവർത്തനങ്ങളാണ് പുറംകരാർ വഴി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എച്ച്. എൽ. എൽ. വഴി ഏതെല്ലാം പ്രവർത്തനങ്ങൾ പുറം കരാർ വഴി നടപ്പാക്കുന്നുവെന്നറിയിക്കുമോ; ഇതിന്റെ വ്യവസ്ഥകൾ വ്യക്തമാക്കാമോ;

(സി) പുറം കരാർ വഴി നിയമനങ്ങൾ നടത്തുമ്പോൾ സംവരണ വ്യവസ്ഥ പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് കരാറിൽ നിലവിലുള്ള വ്യവസ്ഥ വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

മെഡിക്കല്‍ കോളേജിലെ സ്റ്റാഫ് നഴ്സുമാരുടെ നിയമനം

6796 ശ്രീ. എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിവിധ മെഡിക്കല്‍ കോളേജുകളില്‍ നിലവിലുള്ള സ്റ്റാഫ് നഴ്സുമാരുടെ എണ്ണം എത്രയാണ്; ഇപ്പോള്‍ എത്ര ഒഴിവുകള്‍ നിലവിലുണ്ട്;

(ബി) ഇതില്‍ എത്ര ഒഴിവുകള്‍ പി.എസ്.സി.യ്ക്ക് റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ട്;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതു കാരണം സ്റ്റാഫ് നഴ്സുമാരുടെ നിയമനം അനിശ്ചിതമായി നീളുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ അടിയന്തിരമായി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കാന്‍ പി.എസ്.സി.യോട് ആവശ്യപ്പെടുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

മരുന്നുകളുടെ ദൗർലഭ്യം

6797 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ സർക്കാർ ആശുപത്രികളിൽ, അത്യാവശ്യ മരുന്നുകൾ ആവശ്യത്തിന് ലഭ്യമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ മരുന്നുകളാണ് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ കുറവുള്ളത്; വ്യക്തമാക്കാമോ;

(സി) ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>ജീവൻരക്ഷാ മരുന്നുകളുടെയും ഔഷധങ്ങളുടെയും വില നിയന്ത്രിക്കുന്നതിന് നടപടി</u>

6798 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവൻരക്ഷാ മരുന്നുകളുടെയും ഔഷധങ്ങളുടെയും വില നിയന്ത്രിക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ജീവൻ രക്ഷാമരുന്നുകൾ ഉൽപാദിപ്പിക്കുന്ന കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ/സർക്കാർ സ്ഥാപനങ്ങൾ ഏതെല്ലാമാണ്;

(സി) ഇത്തരം സ്ഥാപനങ്ങൾ ഉദ്പാദിപ്പിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

(ഡി) സ്വകാര്യ സ്ഥാപനങ്ങൾ ഉൽപാദിപ്പിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ സംവിധാനങ്ങൾ എന്തൊക്കെയാണ്?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

കെ.എസ്.ഡി.പി യിൽ നിന്നും മരുന്നുകൾ വാങ്ങാൻ നടപടി

6799 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഡി.പി ഉല്പാദിപ്പിക്കുന്ന മരുന്നുകൾ ഒരു നിശ്ചിത വിലയ്ക്ക് വാങ്ങുന്നതിന് സരക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആവശ്യപ്പെട്ടതനുസരിച്ച് കെ.എസ്.ഡി.പി അയച്ച മരുന്നുകൾ തിരിച്ചയച്ചതന്റെ കാരണം വ്യക്തമാക്കുമോ ;

(സി) കെ.എസ്.ഡി.പി യുടെ എൻ.എ.ബി.എൽ ലാബ് പ്രവർത്തന സജ്ജമാക്കുന്നതിനും ഇൻജക്ഷൻ പ്ലാന്റിന്റെ പണി പൂർത്തീകരിക്കുന്നതിനും സർക്കാർ സാമ്പത്തിക സഹായം ചെയ്യുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) സർക്കാരിന് മരുന്ന് വിതരണം ചെയ്ത വകയിൽ കെ.എസ്.ഡി.പി യ്ക്ക് എന്തു തുകയാണ് നൽകുവാനുള്ളത് ; ഈ തുക അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>മരുന്ന് പരീക്ഷണം പരിഗണിക്കുന്നതിന്
എത്തിക്സ് കമ്മിറ്റി</u>

6800 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രോഗികളിൽനിന്നും അനുമതി വാങ്ങാതെയുള്ള മരുന്ന് പരീക്ഷണം ധാർമ്മികതയ്ക്ക് നിരക്കാത്തതാണെന്ന ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരുന്ന് പരീക്ഷണവുമായി ബന്ധപ്പെട്ട വിഷയം പരിഗണിക്കുന്നതിന് എത്തിക്സ് കമ്മിറ്റി രൂപീകരിക്കണമെന്ന് കേന്ദ്ര ഡ്രഗ്സ് കൺട്രോളർ ജനറലിനോടും സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ബോർഡിനോടും ആവശ്യപ്പെടുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>ഔഷധ നിർമ്മാണ കമ്പനി</u>

6801 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിന്റെ കീഴിൽ പുതിയ ഔഷധ നിർമ്മാണ കമ്പനി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പേറ്റന്റ് സംരക്ഷണമുള്ള വിലകൂടിയ നവീന ഔഷധങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിങ്ങ് അതോറിറ്റിയുടെ മാതൃകയിൽ സംസ്ഥാനത്തും ഔഷധവില നിർണ്ണയത്തിനായി പ്രത്യേക അതോറിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

ആലപ്പുഴ ജില്ലാ ഡ്രഗ്ഗ് വെയർ ഹൗസ്

6802 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ ഡ്രഗ്ഗ് വെയർ ഹൗസ് ഇപ്പോൾ എവിടെയാണ് സ്ഥിതിചെയ്യുന്നത് ;

(ബി) ആലപ്പുഴ വണ്ടാനത്ത് പുതിയ വെയർഹൗസ് നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദമാക്കാമോ ;

(സി) ആലപ്പുഴ ജില്ലാ ഡ്രഗ്ഗ് വെയർ ഹൗസ് എന്നത്തേയ്ക്കു വണ്ടാനത്തേക്കു മാറ്റി സ്ഥാപിക്കാൻ കഴിയും വ്യക്തമാക്കുമോ ;

(ഡി) ആലപ്പുഴ ജില്ലാ ഡ്രഗ്ഗ് വെയർ ഹൗസ് കെട്ടിടം പണി പൂർത്തിയാകുന്നതുവരെ വെയർ ഹൗസ് ആലപ്പുഴ ജില്ലയിൽ സൗകര്യപ്രദമായ സ്ഥലത്ത് വാടകയ്ക്ക് കെട്ടിടമെടുത്ത് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**10.07.2014-ലെ മറുപടിക്ക്**

<u>മരുന്നുകൾ കാലാവധിക്ക് ശേഷം</u>
<u>നശിപ്പിക്കുന്നതിന് മാനദണ്ഡങ്ങൾ</u>

6803 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ വിതരണം ചെയ്യാനായി വാങ്ങുന്ന മരുന്നുകൾ കാലാവധിക്ക് ശേഷം നശിപ്പിക്കുന്നതിന് ഏതെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കേണ്ടത്;

(ബി) ആരോഗ്യവകുപ്പ് 2014 ജൂൺ മാസം ഇത്തരം മരുന്നുകൾ നശിപ്പിക്കാൻ ഇടയായ സാഹചര്യം ഏതാണെന്ന് വിശദമാക്കാമോ;

(സി) ആരോഗ്യവകുപ്പ് ഡയറക്ട്രേറ്റിൽ സൂക്ഷിച്ച മരുന്നുകൾ നശിപ്പിക്കുമ്പോൾ നിലവിലുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇപ്പോൾ ഏതെല്ലാം മരുന്നുകളാണ് നശിപ്പിച്ചത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

ഡോക്ടർമാരുടെ കുറിപ്പടികൾ

6804 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാരുടെ മരുന്ന് കുറിപ്പടികൾ മനസ്സിലാകുന്നില്ലെന്ന കാരണത്താൽ മരുന്നുകൾ തന്നെ മാറിപ്പോകുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരുന്ന് കുറിപ്പടികൾ ഇംഗ്ലീഷ് വലിയ അക്ഷരത്തിൽ മാത്രമേ എഴുതാവൂ എന്ന മെഡിക്കൽ കൗൺസിൽ (ഐ.എം.സി) നിർദ്ദേശം നടപ്പിലാക്കുന്നതിന് ഡോക്ടർമാരുടെ സംഘടനയുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

മലപ്പുറം, മുതുവല്ലൂരിൽ പുതിയ ഹോമിയോ ഡിസ്പെൻസറി

6805 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഇവ അനുവദിക്കുന്നതിന് മുൻഗണന നൽകുമോ;

(സി) മലപ്പുറം ജില്ലയിലെ "മുതുവല്ലൂരിൽ" ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>സർക്കാർ മെഡിക്കൽ കോളേജുകളിലെ ഡയാലിസിസ് സംവിധാനം</u>

6806 ശ്രീ. റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഡയാലിസിസിനായി പ്രതിദിനം ശരാശരി എത്ര രോഗികൾ എത്തുന്നുവെന്ന് അറിയിക്കുമോ;

(ബി) ഒരു കിഡ്നി പേഷ്യന്റിന് ഡയാലിസിസിനു മുൻപ് ഏതെല്ലാം പരിശോധനയ്ക്ക് വിധേയനാകണമെന്നും രക്തത്തിലെ വിവിധ ഘടകങ്ങളുടെ സന്തുലിതാവസ്ഥ ക്രമപ്പെടുത്തുന്നതിന് ഏതെല്ലാം മരുന്നുകൾ ഇഞ്ചക്റ്റ് ചെയ്യുണ്ടതെന്നും വ്യക്തമാക്കുമോ;

(സി) ജീവിതകാലം മുഴുവൻ ഡയാലിസിസിനു വിധേയനാകേണ്ടിവരുന്ന ഒരു രോഗിക്ക് പെൻമനന്റ് ആക്സസായ 'എ. വി. ഫിസ്റ്റുല' സർക്കാർ മെഡിക്കൽ കോളേജുകളിൽ വിജയകരമായി ചെയ്യാൻ സാധിക്കുന്നുണ്ടോ; ഇക്കാര്യത്തെകുറിച്ച് വിശദമായ ഒരു പഠനം നടത്താൻ നടപടി സ്വീകരിയ്ക്കുമോ?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

ഡന്റൽ ഹൈജീൻ കോഴ്സുകൾ

6807 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡെന്റൽ ഹൈജീനിസ്റ്റുകളുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(ബി) പുകയില, പാൻമസാല പോലുള്ള ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ബോധവൽക്കരണത്തിനായി ഡെന്റൽ ഹൈജീനിസ്റ്റുകളെ എല്ലാ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും ഓറൽ ഹെൽത്ത് കൗൺസിലർമാരായി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) സമഗ്ര ആരോഗ്യനയത്തിൽ ദന്താരോഗ്യവും ഉൾപ്പെടുത്തുന്നതിനും ആരോഗ്യസർവ്വകലാശാലക്കു കീഴിൽ ഡന്റൽ ഹൈജീൻ ബാച്ചിലർ കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ഹോമിയോ ഫാർമസിസ്റ്റുകളുടെ ഒഴിവുകൾ</u>

6808 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര ഹോമിയോ ഫാർമസിസ്റ്റുകളുടെ തസ്തികയാണ് കാസർഗോഡ് ജില്ലയിൽ അനുവദിക്കപ്പെട്ടിട്ടുള്ളതെന്നും അതിൽ എത്ര എണ്ണമാണ് നിലവിൽ ഒഴിഞ്ഞുകിടക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) ഹോമിയോ ഫാർമസിസ്റ്റുമാരുടെ ഒഴിവുകളിലെ നിയമനം സംബന്ധിച്ച വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

ഹോമിയോപ്പതി വകുപ്പിലെ ഡി.പി.സി

6809 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി വകുപ്പിൽ ചീഫ് മെഡിക്കൽ ഓഫീസർമാരുടെയും ആശുപത്രി സൂപ്രണ്ട്മാരുടെയും എത്ര ഒഴിവുകൾ ഉണ്ട്;

(ബി) ഹോമിയോപ്പതി വകുപ്പിൽ ലോവർ ഡി.പി.സി. കൂടിയിട്ട് എത്ര കാലമായി ;

(സി) ഡി.പി.സി. കൂടി പ്രമോഷൻ നൽകാൻ വേണ്ട നടപടി ഉടൻ സ്വീകരിക്കുമോ;

# കേരള നിയമസഭ
## 10.07.2014–ലെ മറുപടിക്ക്

ഭാരതീയ ചികിത്സാ വകുപ്പിന്റെ പ്രസാദം പദ്ധതി

6810 ശ്രീ. എം. പി. വിൻസെന്റ്
,, എ. റ്റി. ജോർജ്
,, ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭാരതീയ ചികിത്സാ വകുപ്പ് നടപ്പിലാക്കുന്ന പ്രസാദം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) വിദ്യാർത്ഥികളിലെ രക്തക്കുറവ് പാർശ്വഫലരഹിതമായി പരിഹരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>ആയുഷ് വകുപ്പ് രൂപീകരിക്കുന്നതിനുള്ള നടപടി</u>

6811 ശ്രീ. ഷാഫി പറമ്പിൽ
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയുഷ് വകുപ്പ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് പ്രകാരം കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് വിശദമാക്കാമോ;

(ഡി) ആയതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**10.07.2014-ലെ മറുപടിക്ക്**

<u>ഭാരതീയ ചികിത്സാ വകുപ്പിന്റെ ഋതു പദ്ധതി</u>

6812 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്
പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭാരതീയ ചികിത്സാ വകുപ്പ് നടപ്പാക്കുന്ന ഋതു പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുമുഖാന്തിരം കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) വിദ്യാർത്ഥികളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>ആയുർവേദ മരുന്നുകൾക്കുള്ള അസംസ്കൃത വസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി</u>

6813 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയുർവേദ മരുന്നുകൾക്ക് അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്നതിൽ പലതും ആവശ്യത്തിന് ലഭ്യമല്ല എന്ന കാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(ബി) സബ്സ്റ്റിറ്റ്യൂട്ടുകൾ ചേർക്കുമ്പോൾ മരുന്നിന് ഗുണനിലവാരമില്ലാതാകുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആയുർവേദ മരുന്നുകളുടെ ഉല്പാദനാവസ്ഥയിൽ അതിന്റെ മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ആയുർവേദ മരുന്നുകൾക്കുള്ള അസംസ്കൃത വസ്തുക്കളുടെ (ഉദാ. അശോകം) ഉല്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

ആയുർവേദ മരുന്നുകളിൽ പ്രിസർവേറ്റീവുകൾ ചേർക്കുന്നതിന്റെ പരിശോധന

6814 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരിഷ്ടം പോലുള്ള ആയുർവേദ മരുന്നുകൾ ചീത്തയാകാതിരിക്കുന്നതിന് എന്തെല്ലാം പ്രിസർവേറ്റീവുകൾ ചേർക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത് എന്നു പറയാമോ; ഈ പ്രിസർവേറ്റീവുകൾ ശരിയായ അളവിൽ മാത്രമാണോ മരുന്നിൽ ചേർത്തിട്ടുള്ളതെന്നും അപകടകരമായ അവസ്ഥയിൽ ചേർത്തിട്ടുണ്ടോ എന്നും പരിശോധിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) സോഡിയം ബെൻസോവിറ്റ് പോലുള്ള പ്രിസർവേറ്റീവുകൾ മരുന്നുകളിൽ ഉപയോഗിക്കുന്നതിന് ഏതെല്ലാം ആയുർവേദ മരുന്നു കമ്പനികൾക്കും സ്ഥാപനങ്ങൾക്കുമാണ് അനുവാദം നൽകിയിട്ടുള്ളത് എന്നു പറയാമോ; ഈ സർക്കാരിന്റെ കാലയളവിൽ ഇത്തരത്തിൽ ലൈസൻസ് കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നു വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>ആയൂര്‍വേദ കോളേജുകളില്‍ കുറഞ്ഞ വരുമാനക്കാര്‍ക്ക് സൗജന്യ ചികിത്സയ്ക്കുള്ള മാനദണ്ഡങ്ങള്‍</u>

6815 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ആയൂര്‍വ്വേദ കോളേജുകളില്‍ കുറഞ്ഞ വരുമാനക്കാര്‍ക്ക് ചികിത്സ സൗജന്യമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശം നല്‍കുമോ;

(ബി) പ്രസ്തുത ഉത്തരവില്‍ ഭേദഗതി വരുത്തി വരുമാന പരിധി വര്‍ദ്ധിപ്പിച്ച് കൂടുതല്‍ പേര്‍ക്ക് ഇതിന്റെ ആനുകൂല്യം ലഭ്യാക്കാന്‍ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത രോഗികള്‍ ആശുപത്രിയില്‍ ഹാജരാക്കേണ്ട രേഖകള്‍ സംബന്ധിച്ച് മാനദണ്ഡങ്ങള്‍ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

മാവേലിക്കര ആയുർവേദ ആശുപത്രിയിൽ പഞ്ചകർമ്മ സെന്റർ ആരംഭിക്കുന്നതിന് നടപടി

6816 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര, തഴക്കര പഞ്ചായത്തിലെ ആയുർവേദ ആശുപത്രിയിൽ പഞ്ചകർമ്മ സെന്റർ ആരംഭിക്കുന്നതിന് എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെന്ന് വിശദമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് 22.05.2014-ൽ ആരോഗ്യ വകുപ്പ് സെക്രട്ടറി, ഡയറക്ടർ ഓഫ് ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിന് കത്ത് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ ഡയറക്ടർ പ്രസ്തുത കത്തിന് നാളിതുവരെയായും മറുപടി നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഇ) ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.07.2014-ലെ മറുപടിക്ക്

മാവേലിക്കര ആയൂർവേദ ആശുപത്രിയിലെ ഡോക്ടറുടെ അവധി

6817 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ആയൂർവേദ ആശുപത്രിയിൽ സ്ഥിരമായി ഒരു ഡോക്ടർ അവധിയിൽ പ്രവേശിക്കുന്നതു മൂലം കിടത്തി ചികിത്സയുടെ പ്രവർത്തനം താളം തെറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഡോക്ടറുടെ അവധി റദ്ദ് ചെയ്ത് പുന:പ്രവേശിപ്പിക്കുന്നതിനോ പുതിയ ഡോക്ടറെ നിയമിക്കുന്നതിനോ ഉള്ള നടപടി സ്വീകരിക്കുമോ;

(സി) ടി ഡോക്ടർക്കെതിരെ തുടർച്ചയായി അവധിയിൽ പ്രവേശിക്കുന്നതിന് വകുപ്പുതല നടപടി സ്വീകരിക്കുമോ;

(ഡി) മാവേലിക്കര മണ്ഡലത്തിൽ വിഷചികിത്സക്കുളള സംവിധാനം ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മാവേലിക്കര ആയുർവേദാശുപത്രിയിൽ വിഷചികിത്സയ്ക്കായി നിലവിലുണ്ടായിരുന്ന ഡോക്ടറുടെ തസ്തിക പുന:സ്ഥാപിക്കുമോ; വിശദമാക്കുമോ;

(എഫ്) ഇവിടെ നിലവിലുണ്ടായിരുന്ന ക്ലറിക്കൽ തസ്തിക പുന:സ്ഥാപിക്കുമോ; വകുപ്പുതല നിർദ്ദേശത്തിന്റെ ഫയൽ നമ്പർ നല്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>യൂനാനി ചികിത്സാ കേന്ദ്രങ്ങൾ</u>

6818 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം. മുഖേനയും ആരോഗ്യ വകുപ്പ് നേരിട്ടും നടത്തിവരുന്ന എത്ര യൂനാനി സിദ്ധ ചികിത്സാ കേന്ദ്രങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എൻ.ആർ.എച്ച്.എം. മുഖേന യൂനാനി, സിദ്ധ ചികിത്സാകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് എത്ര പഞ്ചായത്തുകൾ അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകൾ ഏതൊക്കെ പഞ്ചായത്തുകളാണ് നൽകിയിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷകളിൽ എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>ശബരിമല ദേവസ്വം ബോർഡ് കെട്ടിടങ്ങളുടെ വാടക വർദ്ധനവ്</u>

6819 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനത്തിനെത്തുന്ന അയ്യപ്പൻമാർക്ക് താമസത്തിനായി ദേവസ്വം ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാടകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുളളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>ഗുരുവായൂര്‍ ദേവസ്വം ബോര്‍ഡിലുണ്ടായ പ്രശ്നങ്ങള്‍</u>

6820 ശ്രീ. കെ. രാധാകൃഷ്ണന്‍
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ.വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗുരുവായൂര്‍ ദേവസ്വം ബോര്‍ഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങള്‍ പരിഹരിക്കാന്‍ എന്തെങ്കിലും നടപടിയെടുത്തിരുന്നോ;

(ബി) ദേവസ്വം ബോര്‍ഡംഗവും സെക്രട്ടറിയും തമ്മില്‍ നടന്ന കയ്യാങ്കളിയെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ; അന്വേഷണ റിപ്പോര്‍ട്ടിലെ കണ്ടെത്തല്‍ എന്താണ്; വിശദമാക്കുമോ?

(സി) ഭക്തരെ മര്‍ദ്ദിച്ച സംഭവവുമായി ബന്ധപ്പെട്ട് ഹൈക്കോടതി നിര്‍ദ്ദേശം എന്തായിരുന്നു;

(ഡി) അതിന്റെ അടിസ്ഥാനത്തില്‍ ഏതെങ്കിലും കമ്മീഷനെ നിയോഗിച്ചിരുന്നോ; കമ്മീഷന്റെ കണ്ടെത്തല്‍ എന്തായിരുന്നു; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>നിലയ്ക്കലിൽ അടിസ്ഥാന സൗകര്യ വികസനം</u>

6821 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയുടെ ബേസ് ക്യാമ്പായി പ്രഖ്യാപിച്ച നിലയ്ക്കലിൽ ദേവസ്വം ബോർഡിന് എത്ര ഏക്കർ ഭൂമിയാണ് വിട്ടുകിട്ടിയിട്ടുള്ളത് ;

(ബി) അയ്യപ്പ ഭക്തർക്കായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇവിടെ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;

(സി) അന്യ സംസ്ഥാനങ്ങളിൽ നിന്നും ദർശനത്തിന് എത്തുന്ന ഭക്തർക്കായി അതതു സംസ്ഥാനങ്ങളുടെ ഉടമസ്ഥതയിൽ ക്യാമ്പ് ഷെഡുകൾ പണിത് തീർത്ഥാടകക്ഷേമം ഉറപ്പുവരുത്താൻ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) നിലയ്ക്കലോ പമ്പയോ കേന്ദ്രീകരിച്ച് ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിൽ മെഡിക്കൽ കോളേജ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

## കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>ദേവസ്വം ബോർഡുകളിലെ നിയമനം</u>

6822 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിലെ വിവിധ ദേവസ്വം ബോർഡുകളിലായി എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നുള്ളതിന്റെ വിശദവിവരം നൽകുമോ;

(ബി) ഇതിൽ പി.എസ്.സി. മുഖേന നിയമനം നടത്തിയ ജീവനക്കാരുടെ വിശദവിവരം നൽകുമോ;

(സി) ദേവസ്വംബോർഡുകൾ നേരിട്ട് നടത്തിയിട്ടുള്ള നിയമനങ്ങളുടെ വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

<u>പുളിമാത്ത് ദേവസ്വം ബോർഡ് ഹൈസ്കൂളിൽ പ്ലസ്ടു കോഴ്സ്</u>

6823 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുളിമാത്ത് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ദേവസ്വം ബോർഡ് ഹൈസ്കൂളിൽ പ്ലസ്ടു കോഴ്സ് അനുവദിക്കുന്നതിന് ദേവസ്വം ബോർഡ് വിദ്യാഭ്യാസ വകുപ്പിനോട് ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ പ്ലസ്ടു കോഴ്സ് ഉള്ള സ്കൂൾ ഇല്ലാത്ത പശ്ചാത്തലത്തിൽ പ്രസ്തുത സ്കൂളിന് പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിന് വേണ്ട ശുപാർശ നൽകുമോ;

# കേരള നിയമസഭ
## 10.07.2014-ലെ മറുപടിക്ക്

കെ. വി. ജയപ്രസാദിന്റെ ആശ്രിത നിയമനം

6824 ശ്രീ.മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള തിരുമൂഴിക്കുളം ദേവസ്വത്തിൽ തകിൽക്കാരനായിരുന്ന കെ. വി. ജയപ്രസാദിന്റെ മരണത്തെത്തുടർന്ന് കുടുംബത്തിന് കിട്ടുവാനുള്ള ആനുകൂല്യങ്ങൾ ദേവസ്വം ബോർഡ് നൽകിയിട്ടുണ്ടോ; ഇല്ലായെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; ഇവ എന്ന് കൊടുത്തു തീർക്കാൻ കഴിയും എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരന്റെ ആശ്രിതയ്ക്ക് നിയമനം നൽകിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അപേക്ഷ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; എന്ന് ഈ അപേക്ഷയിൽ തീരുമാനമെടുക്കാൻ കഴിയും എന്നറിയിക്കാമോ?